(ബി) ഹഡ്കോയിൽ നിന്നും ഗ്രാന്റായി ഈ വിഭാഗത്തിന് തുക ലഭിക്കാറുണ്ട്.

(സി) 2001 ജൂൺ മാസത്തിൽ നിലവിലുള്ള ബോർഡ് ഭരണസമിതി അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന തുക ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം : 19,72,688 രൂപ.

വിവിധ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം : 6,28,175 രൂപ

ഹൗസിംഗ് ബോർഡിൽ കോൺട്രാക്ട് ജീവനക്കാർ

41 [2930] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ബോർഡിൽ കോൺട്രാക്ട് ദിവസകൂലിയിനത്തിൽ എത്ര ജീവനക്കാർ പ്രവർത്തിക്കുന്നു എന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ അംഗീകൃത റെഗുലേഷന്റെ അഭാവത്തിൽ ഹൗസിംഗ് ബോർഡിൽ ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ടി പദ്ധതികളിൽ കരാർ/ദിവസക്കൂലി വ്യവസ്ഥയിൽ താഴെ വിശദീകരിച്ചിരിക്കുന്നവിധം ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

വയർമാൻ	..	1
ഡ്രൈവർ	..	9
വാച്ചർ	..	12
സ്വീപ്പർ	..	43
ടൈപ്പിസ്റ്റ്	..	2

LIBRARY ARCHIVES Kerala Legislative Assembly

ക്ലാർക്ക് .. 1

സെക്യൂരിറ്റി ഗാർഡ് .. 2

എൽ.ജി.ഇ. .. 44

കൂടാതെ തിരുവല്ല, അടൂർ, ചങ്ങനാശ്ശേരി, കോതമംഗലം എന്നീ റവന്യൂ ടവറുകളിൽ ഇലക്ട്രീഷൻ, ലിഫ്റ്റ് ഓപ്പറേറ്റർ, സെക്യൂരിറ്റി ഗാർഡ്/വാച്ചർ, എൽ.ജി.ഇ., സ്വീപ്പർ എന്നീ തസ്തികകളിലായി 32 പേരെയും കോട്ടയം ഗാന്ധിനഗറിലും ഇടുക്കി, തൊടുപുഴ (മുട്ടം)-യിലും പ്രവർത്തിക്കുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളിൽ വാർഡൻ, അസിസ്റ്റന്റ് വാർഡൻ, മേട്രൻ സ്വീപ്പർ, വാച്ചർ എന്നീ തസ്തികകളിൽ 12 പേരെയും 3 മാസം മുതൽ 6 മാസം വരെ കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ബോർഡിന്റെ വിവിധ ഹൗസിംഗ് സ്കീമുകൾ, കൊമേർഷ്യൽ കോംപ്ലക്സ്, ഓഫീസ് കോംപ്ലക്സ്, ഗസ്റ്റ് ഹൗസ്, സ്റ്റോർ, ക്വാട്ടേഴ്സ് എന്നിവിടങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി സ്കിൽഡ് അസിസ്റ്റന്റ്, പമ്പ് ഓപ്പറേറ്റർ വാച്ചർ/സെക്യൂരിറ്റി ഗാർഡ്, ലിഫ്റ്റ് ഓപ്പറേറ്റർ, സ്വീപ്പർ, ഇലക്ട്രീഷ്യൻ എന്നീ തസ്തികകളിൽ 12 പേരും പ്രവർത്തിച്ചു വരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

തിരുവനന്തപുരം നഗരത്തിലെ പുതിയ റോഡുകളുടെയും ഫ്ളൈ ഓവറുകളുടെയും നിർമ്മാണപ്രവർത്തനം

42 [2931] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് ആരംഭിച്ച പുതിയ റോഡുകളുടെയും ഫ്ളൈ ഓവറുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തു തുകയുടെ പ്രവർത്തികളാണ് നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം നഗരത്തിൽ ഇനി പ്രവൃത്തി തുടങ്ങാനുള്ളതും സർക്കാരിന്റെ പരിഗണനയിലുള്ളതുമായ പദ്ധതികൾ ഏതെല്ലാം എന്നു വ്യക്തമാക്കുമോ;

(ഡി) അവ സംബന്ധിച്ച വിശദാംശവും പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് ഏറ്റെടുത്ത് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly